## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3930 | 21.06.2018 - ൽ മറുപടിക്ക്

# പെരിയാർ ടൈഗർ റിസർവിൽ ഗസ്റ്റ് ഹൗസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) പെരിയാർ ടൈഗർ റിസർവിൽ ഉൾപ്പെട്ട ശബരിമലയിൽ സംസ്ഥാന ടൂറിസം വകുപ്പ് ഗസ്റ്റ് ഹൗസ് പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | ശബരിമല സന്നിധാനത്ത് പുണ്യദർശനം കോംപ്ലക്സ് (യാത്രിനിവാസ് ) നിർമ്മിക്കുന്നതിനായി 26.09.2017 തീയതിയിലെ സ.ഉ. (സാധാ) നം. 451/2017/ടൂറിസം പ്രകാരം 4,99,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) ഗസ്റ്റ് ഹൗസ് പണിയുന്നതിന് വനം വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പിൽ നിന്നോ അനുവാദം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 11.10.2017 തീയതിയിലെ നടപടി ഉത്തരവ് നം. ആർ.ഒ.സി. 4395/16/ശബ(എം) പ്രൊസീഡിംഗ്സ് പ്രകാരം ശബരിമലയിൽ കേരള ഇലക്ട്രിസിറ്റി ഓഫീസിനും ഫോറസ്റ്റ് ഓഫീസിനും ഇടയിലായി 21.6 സെന്റ് സ്ഥലം പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. പ്രൊസീഡിംഗ്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) ഗസ്റ്റ് ഹൗസ് പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം വനം വകുപ്പ് | സി) | പുണ്യദർശനം കോംപ്ലക്സ് പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം വനം വകുപ്പ് തിരുവിതാംകൂർ ദേവസ്വം |

| | | | |
|---|---|---|---|
| | ഏതെങ്കിലും ഡിപ്പാർട്ട്മെന്റിന് ലീസിനോ സബ് ലീസിനോ നൽകിയതാണോ; വിശദാംശം ലഭ്യമാക്കുമോ; ഇത്തരം സ്ഥലത്ത് കെട്ടിടങ്ങൾ പണിയുന്നതിന് അനുമതിയുണ്ടോ; | | ബോർഡിന് പാട്ടത്തിനും ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റിന് കീഴിൽ ഡൈവേർട്ട് ചെയ്തും നൽകിയിട്ടുള്ളതാണ്. ഈ സ്ഥലത്ത് ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങൾ പണിയുന്നതിന് അനുമതിയുണ്ട്. |
| ഡി) | പ്രസ്തുത സ്ഥലത്ത് കെട്ടിടങ്ങൾ പണിയുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ഡി) | പുണ്യദർശനം കോംപ്ലക്സ് പണിയുന്നതിന് അനുവദിച്ചിട്ടുള്ള സ്ഥലം ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടതായതിനാൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. |
| ഇ) | വനഭൂമിയിലോ കേന്ദ്ര വന നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് വാടകയ്ക്കോ മറ്റേതെങ്കിലും സർവ്വീസ് ചാർജ്ജ് ഈടാക്കിയോ കോംപ്ലക്സ് പണിയുന്നതിന് വന ഇതര വകപ്പിന് നിലവിലെ ചട്ടങ്ങൾ പ്രകാരം അനുവാദം ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

LA Q No. 393

അനുബന്ധം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

<u>സംഗ്രഹം</u>

കേരള സ്റ്റേറ്റ് ടൂറിസം ഡിപ്പാർട്ടുമെന്റിന് ശബരിമലയിൽ പുണ്യദർശനം എന്ന പേരിൽ ഒരു കോംപ്ലക്സ് നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ ആർ ഒ സി. 4395/16/ശബ(എം) | നന്തൻകോട്, തീയതി 11 10 2017

---

പരാമർശം:- 1 17.05.2016 ലെ ആർ.ഒ.സി. 4395/16/ശബ(എം) നമ്പർ ബോർഡുത്തരവ്

2 29.08.2017 ലെ ആർ.ഒ.സി. 4395/16/ശബ(എം) നമ്പർ ബോർഡുത്തരവ്.

3 ദേവസ്വം ചീഫ് എൻജിനീയർ (ജനറൽ) ന്റെ 10.10.2017 ലെ SB/W/GL-553 നമ്പർ റിപ്പോർട്ട്

കേരള സ്റ്റേറ്റ് ടൂറിസം ഡിപ്പാർട്ടുമെന്റിന് മിനിസ്റ്റേഴ്സിനും, ഉന്നത ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും, ടൂറിസ്റ്റുകൾക്കും, മറ്റുള്ളവർക്കും, താമസ സൗകര്യം ഒരുക്കുന്നതിന് 'പുണ്യ ദർശനം' എന്ന പേരിൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് വേണ്ടി ശബരിമലയിൽ കേരള വാട്ടർ അതോറിറ്റി ഗസ്റ്റ് ഹൗസിനും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനും ഇടയിൽ ജ്യോതി നഗറിൽ (51,00M x 20M or 25.20 cents) സ്ഥലം ഡിപ്പാർട്ടുമെന്റ് നിയമങ്ങൾ പാലിച്ച് നൽകുന്നതിന് അനുവദിച്ച് ഉത്തരവ് നൽകി. (പരാമർശം -1).

ടി വർക്ക് ചെയ്യുന്നതിന് ഗവൺമെന്റ് GO (Rt) .451/2017/Tourism നമ്പരായി 26.9.2017 -ൽ ഭരണാനുമതി നൽകിയതായും 17.10.2017 ൽ ബഹു കേരള മുഖ്യമന്ത്രി, ടി പ്രോജക്റ്റിന് തറക്കല്ലിടുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ ആയതിലേക്ക് പ്രപ്പോസ്ഡ് ലാന്റ് ഡിമാർക്കേഷൻ ചെയ്ത് ടൂറിസം ഡിപ്പാർട്ടുമെന്റിന് കൈമാറുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് പത്തനംതിട്ട ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി അറിയിച്ചു. എന്നാൽ ശബരിമല മാസ്റ്റർപ്ലാൻ അനുസരിച്ച് അക്കോമഡേഷൻ സോൺ അല്ലാത്ത സ്ഥലമാണ് ടൂറിസം ഡിപ്പാർട്ടുമെന്റിന് അനുവദിച്ചതെന്നും കേരള ഇലക്ട്രിസിറ്റി ആഫീസിന് പുറകുവശം ഇലക്ട്രിസിറ്റി ആഫീസിനും ഫോറസ്റ്റ് ആഫീസിനും ഇടയിലായി 21.6 സെന്റ് (874 sqm) അനുയോജ്യമാണെന്ന് ശബരിമല മാസ്റ്റർപ്ലാൻ കൺസൾട്ടന്റ് ശ്രീ. മഹേഷ് ജി പിത്തവടിയൻ ആന്റ് പാർട്ണേഴ്സ് അറിയിച്ചു

മറുപുറം

ആയതിനാൽ ടൂറിസം വകുപ്പിന് പരാമർശം (1) ഉത്തരവ് പ്രകാരം പുണ്യദർശനം കോംപ്ലക്സ് അനുവദിച്ചത് അക്കോമഡേഷൻ സോൺ അല്ലാത്തതിനാൽ ആയത് ക്യാൻസൽ ചെയ്ത്, കേരള ഇലക്ടിസിറ്റി ആഫീസിന് പുറകുവശം ഇലക്ട്രിസിറ്റി ആഫീസിനും ഫോറസ്റ്റ് ആഫീസിനും ഇടയിലായി 21.6 സെന്റ് (874 sqm) സ്ഥലം അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന ദേവസ്വം ചീഫ് എൻജിനീയറുടെ (പരാമർശം-3) ചർച്ച ചെയ്ത് ബോർഡ് ചുവടെ വിവരിക്കുന്ന തീരുമാനം കൈക്കൊണ്ടു.

## ഉത്തരവ്

ശബരിമലയിൽ കേരള ഇലക്ടിസിറ്റി ആഫീസിന് പുറകുവശം ഇലക്ട്രിസിറ്റി ആഫീസിനും ഫോറസ്റ്റ് ആഫീസിനും ഇടയിലായി 21.6 സെന്റ് (874 sqm) സ്ഥലം ഡിപ്പാർട്ടുമെന്റ് നിയമങ്ങൾ അനുസരിച്ച് കേരള സ്റ്റേറ്റ് ടൂറിസം ഡിപ്പാർട്ടുമെന്റിന് (പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിന്) നൽകുന്നതിന് അനുവദിച്ചും പ്രോജക്ടിന് എൻ.ഒ.സി. നൽകുമ്പോൾ 29.08.2017 ലെ .ഒ.സി. 4395/16/ശബ(എം).നമ്പർ ബോർഡുത്തരവിലെ വ്യവസ്ഥകൾ പാലിച്ച് വേണ്ട തുടർ നടപടിസ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും, 17.05.2016 ലെ ആർ.ഒ.സി. 4395/16/ശബ(എം).നമ്പർ ബോർഡുത്തരവ് ക്യാൻസൽ ചെയ്തും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
ഒപ്പ്
സെക്രട്ടറിക്ക്‌വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി, സി. സെക്ഷൻ
(അഡീഷണൽ ഇൻചാർജ്ജ്)

അംഗീകാരത്തോടെ,
[signature]
അസിസ്റ്റന്റ് എൻജിനീയർ

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം ചീഫ് എൻജിനീയർ (ജനറൽ)
3. ഡയറക്ടർ, കേരള സ്റ്റേറ്റ് ടൂറിസം ഡിപ്പാർട്ടുമെന്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം 695 033.
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
6. എക്സിക്യൂട്ടീവ് എൻജിനീയർ, എസ്.ഡി.പി പമ്പ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്

[signature]
സെക്ഷൻ ഓഫീസർ